പ്പെട്ട മനോരമ പോലുള്ള പത്രങ്ങളിൽ ഞാൻ അവിടെ മിണ്ടാത്ത കാര്യങ്ങൾ പോലും എന്റെ പേരിൽ വന്നു. സബ്ജക്ട് കമ്മിറ്റിക്ക് രൂപംകൊടുക്കുന്നത് നിയമസഭാ ഫ്ളോറിലെ കക്ഷികളുടെ പങ്കാളിത്തം വച്ചുകൊണ്ടാണ്. ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഒരു പക്ഷേ കക്ഷിപരിഗണന വച്ചുള്ള ചർച്ചകളേ നടക്കാറുള്ളൂ. ബഡ്ജറ്റ് എന്നു പറയുന്നത് മൊത്തം സ്റ്റേറ്റിനുവേണ്ടിയുള്ളതാണ്. അതിന് വിരുദ്ധമായി വാർത്തകൾ വന്നു. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും കക്ഷി പരിഗണനയുടെ സ്ഥിതിയിലേക്ക് കാര്യങ്ങൾ വരുന്നു. സന്ദർഭോചിതമായി ഞാൻ ഇത് പറഞ്ഞെന്നേയുള്ളൂ. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാനിത് പറഞ്ഞത്.

## XI. റൂളിംഗ്

മി. സ്പീക്കർ : ഡ്രാഫ്റ്റ് റിപ്പോർട്ടിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ തർക്കവിഷയമാക്കാതെ അതിനു പരിഹാരം കാണണം. അതുതന്നെയാണ് ശ്രീ. ടി.എം. ജേക്കബ് സൂചിപ്പിച്ചതെന്ന് എനിക്കു തോന്നുന്നു. അത് ആലോചിക്കേണ്ട വിഷയം തന്നെയാണ്. അതോടൊപ്പം ശ്രീ. എ.സി. ഷൺമുഖദാസ് പറഞ്ഞ മറ്റൊരു പ്രസക്തമായ കാര്യമുണ്ട്. സബ്ജക്ട് കമ്മിറ്റികൾ എന്നു പറഞ്ഞാൽ കക്ഷിതാൽപ്പര്യങ്ങൾക്കതീതമായി നമ്മൾ കാണുന്നതാണല്ലോ. അവിടെ ചർച്ചകൾ നടക്കുമെങ്കിലും അതൊരു വിവാദമായിട്ടും മറ്റു രൂപത്തിലും പത്രങ്ങളിൽ വരുന്ന സ്ഥിതിയുണ്ട്. അതൊരിക്കലും പാടില്ല. അത് ആശാസ്യമല്ല. തീർച്ചയായും നമ്മൾ അതുസംബന്ധിച്ച് guardly ആയിട്ട് പോകേണ്ടതാണ് എന്നാണ് ചെയറിന്റെ അഭിപ്രായം... ബഹളം.... അങ്ങുന്നയിച്ച പ്രസക്തമായ ഭാഗത്തെ സംബന്ധിച്ച് കൂടുതൽ സംശയമുണ്ടെങ്കിൽ ചെയർ പരിശോധിച്ചിട്ട് പറയാം. അല്ലാതെ ഇപ്പോൾ കൂടുതലൊന്നും പറയാൻ പറ്റില്ല.

## XII. ധനകാര്യം

### 1996-97 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ, 1996-97 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ

LIBRARY ARCHIVES Kerala Legislative Assembly